എനർജി ഇന്നവേഷൻ സോൺ

12(*42) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി വകുപ്പിന്റെ കീഴിൽ എനർജി ഇന്നവേഷൻ സോൺ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയാണെന്നും സോണിന്റെ പ്രവർത്തനം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

ഊർജ്ജ വകുപ്പിന്റെ കീഴിൽ കെ.എസ്.ഇ.ബി.എൽ. ഇന്നവേഷൻ ഫണ്ടിന്റെ നടത്തിപ്പിനായി സ്റ്റാർട്ടപ്പ് വില്ലേജുമായി ധാരണാപത്രവും കരാറും ഒപ്പുവച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കളമശ്ശേരിയിലുള്ള സ്റ്റാർട്ടപ്പ് വില്ലേജിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂലൈ 31 വരെ പ്രവർത്തിച്ചിരുന്നു.

എനർജി ഓപ്പൺ ഇന്നവേഷൻ സോൺ വൈദ്യുതിയുടെ ഉൽപാദന വിതരണ പ്രസരണ മേഖലയിൽ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പര്യാപ്തമായ നൂതന ആശയങ്ങൾ ഉള്ളവർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്ന പ്രവർത്തനമാണ് നടത്തിയത്.

കളമശ്ശേരിയിലുള്ള സ്റ്റാർട്ടപ്പ് വില്ലേജിൽ എനർജി ഓപ്പൺ ഇന്നവേഷൻ സോണിൽ 2500 ചതുരശ്ര അടി വിസ്തൃതിയുള്ള സ്ഥലവും യുവഗവേഷകർക്കും സംരംഭകർക്കും വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് ആശയരൂപീകരണം നടത്താനുള്ള സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കിയിരുന്നു.

സ്റ്റാർട്ടപ്പ് വില്ലേജിൽ എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കും നവീന ആശയങ്ങളുള്ള സംരംഭകർക്കുള്ള ധനസഹായവുമായി സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം (ഇന്നവേഷൻ ഫണ്ട്) ഉപയോഗിച്ചുകൊണ്ട് 95,80,220 രൂപ 31-7-2015 വരെ നൽകിയിട്ടുണ്ട്. എനർജി ഇന്നവേഷൻ സോൺ തുടർന്നും പ്രവർത്തിക്കുന്നതിനായുള്ള കരാർ പുതുക്കുന്നതിന് സ്റ്റാർട്ടപ്പ് വില്ലേജ് തയ്യാറാകാതിരുന്നതിനാൽ എനർജി ഇന്നവേഷൻ സോണിലൂടെ സഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആകെ 54,92,710 രൂപയുടെ പദ്ധതി ചെലവുള്ള 9 പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly